ത്രിതല പഞ്ചായത്തുകൾ

260 (1734) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

ഉത്തരം

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം

261 (1735) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് ഏതെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകൾക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകൾക്ക് സ്ഥിരം ഡ്രൈവറുടെയും സെക്യൂരിറ്റി ഗാർഡിന്റെയും തസ്തികകൾ സൃഷ്ടിച്ച് നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിനും, അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ഉറപ്പാക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2. ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. 941 ഗ്രാമ പഞ്ചായത്തുകളിലെയും അക്കൗണ്ടിംഗ് സംവിധാനം 'സാംഖ്യ' സോഫ്റ്റ്വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ്വെയർ വഴി നടത്തുന്നു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ 'സേവന (സിവിൽ രജിസ്ട്രേഷൻ)' എന്ന സോഫ്റ്റ്വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 'സേവന (പെൻഷൻ)' എന്ന സോഫ്റ്റ്വെയറിലൂടെയും ചെയ്തുവരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം ത്വരിത ഗതിയിൽ പൂർത്തിയായിവരുന്നു. വസ്തുനികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' എന്ന സോഫ്റ്റ്വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന പ്രവർത്തനം പുരോഗതിയിലാണ്.

3. ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനുള്ള സംവിധാനങ്ങളും വനിതാ ജാഗ്രതാ സമിതി ശക്തിപ്പെടുത്തുന്നതിനും കമ്പ്യൂട്ടർവത്ക്കരണം, സേവനാവകാശ നിയമം എന്നിവയിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

4. ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓൺലൈൻ സംവിധാനവും, അക്കൗണ്ടിംഗ് സമ്പ്രദായവും, ഇ-ടെണ്ടർ, ഇ-ഫയലിംഗ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അഴിമിതരഹിതമാക്കുന്നതിന് ശക്തമായ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനവും നിലവിലുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 941 ഗ്രാമപഞ്ചായത്തുകളിൽ 258 ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സെക്യൂരിറ്റി ഗാർഡുകളുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഗ്രാമപഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടിയാണ് നടപ്പിലാക്കുന്നത്.

1354/2017